**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3538** **08-10-2025 - ൽ മറുപടിയ്ക്ക്**

**വൻകിട ഭൂമി കയ്യേറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൻകിട ഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര ഭൂമി ഇപ്രകാരം തിരിച്ചുപിടിച്ചുവെന്നും അവ ഏതൊക്കെയെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൻകിട ഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 08/11/2008 ന് ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കയ്യേറ്റ കേസുകളിന്മേൽ ഉണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളിൽ തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഒഴികെ, കേരള ഭൂസംരക്ഷണ നിയമ പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനംവകുപ്പ്, തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം കേരള ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ വൻകിട ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം |

| | | | |
|---|---|---|---|
| | | | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

__അനുബന്ധം__

| ക്രമ നം. | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 0.512 | ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്. |
| 2 | കൊല്ലം | NIL | |
| 3 | പത്തനംതിട്ട | NIL | |
| 4 | ആലപ്പുഴ | 4.74 | ചേർത്തല താലൂക്കിൽ 5 വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്. |
| 5 | കോട്ടയം | 2.0314 | ഭൂമി തിരികെ പിടിച്ചു. |
| 6 | ഇടുക്കി | 214.0891 | ഭൂമി തിരികെ പിടിച്ചു. |
| 7 | എറണാകുളം | 4.1334 | ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്. |
| 8 | തൃശ്ശൂർ | 5.0900 | ചാവക്കാട് താലൂക്കിൽ പുന്നയൂർ വില്ലേജിൽ 5.0900 ഹെക്ടർ ഭൂമി രാജ ആയുർവേദ റിസോർട്ട് കയ്യേറിയിട്ടുള്ളതും ടി വിഷയവുമായി ബന്ധപ്പെട്ട് WP(C)12900/2022 നമ്പർ കേസ് നിലവിലുള്ളതുമാണ്. |
| 9 | പാലക്കാട് | 01.2385 | ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| 10 | മലപ്പുറം | 0.1685 | ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്. |
| | | 1.4022 | RSA 185/23 നമ്പർ കേസ് നിലവിലുള്ളതാണ്. |
| | | 0.681 | RSA 140/23 നമ്പർ കേസ് നിലവിലുള്ളതാണ്. |
| 11 | കോഴിക്കോട് | 0.4324 | കല്ലായിപ്പുഴ പുറമ്പോക്ക് ഭൂമി തിരികെ ഏറ്റെടുത്തിട്ടുള്ളതാണ്. |
| | | 2.87448 | പുഴ പുറമ്പോക്ക് ഭൂമി തിരികെ ഏറ്റെടുത്തിട്ടുള്ളതാണ്. |
| 12 | വയനാട് | 24.4040 | ബഹു. ഹൈക്കോടതിയിൽ കക്ഷികൾ ഫയൽ ചെയ്ത WP(c) 731/2019 നമ്പർ കേസിലെ വിധിക്കെതിരെ സർക്കാർ WA 2227/2019 നമ്പറായി റിട്ട് അപ്പീൽ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നതും പ്രസ്തുത അപ്പീൽ 17.7.2025 ൽ കക്ഷികൾക്കനുകൂലമായി വിധിയായതിനെ തുടർന്ന് പ്രസ്തുത വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു. |
| | | 2.9840 | കേരള ഭൂസംരക്ഷണ നടപടികൾക്കെതിരെ WP(C) 19498/2018 നമ്പറായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സിവിൽ കേസ് ഫയൽ ചെയ്യാൻ നിർദ്ദേശിച്ചു കൊണ്ടും ഒഴിപ്പിക്കൽ നോട്ടീസ് റദ്ദ് ചെയ്തു കൊണ്ടും 17.7.2025 ൽ ബഹു |

| | | | |
|---|---|---|---|
| | | | ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. 17.7.2025 ലെ വിധിക്കെതിരെ ബഹു. സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 13 | കണ്ണൂർ | NIL | |
| 14 | കാസറഗോഡ് | NIL | |